## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1007 — 28-04-2017 -ൽ മറുപടിക്ക്

### ഓപ്പറേഷൻ അനന്ത പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. മുരളീധരൻ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | തിരുവനന്തപുരം നഗരത്തിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ അനന്ത എന്ന പദ്ധതിയുടെ രണ്ടാം ഘട്ടം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ; | എ) | രണ്ടാം ഘട്ടത്തിൽ ആരംഭിക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് തിരുവനന്തപുരം ജില്ലാകളക്ടർ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ച് വരികയാണ്. |
| ബി) | ഓപ്പറേഷൻ അനന്തയിൽ ഉൾപ്പെടുത്തിയ എത്ര ജോലികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് ; ഇവ പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | ബി) | ഓപ്പറേഷൻ അനന്തയിൽ ഉൾപ്പെടുത്തിയ 36 പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഓപ്പറേഷൻ അനന്തയിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണം വിവിധ നിർവ്വഹണ വകുപ്പുകളുടെ ചുമതലയാണ്. പ്രസ്തുത പ്രവൃത്തികളുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കേരള റോഡ് ഫണ്ട് ബോർഡ് വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ